ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.10.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ശുദ്ധ ഊർജ്ജ മേഖലയിൽ രാജ്യം ദ്രുതഗതിയിലുള്ള പുരോഗതി കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ആന്ധ്രാപ്രദേശിൽ 13,430 കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

   **Prime Minister Narendra Modi says the country has made rapid progress in the clean energy sector; Inaugurates development projects worth ₹13,430 crore in Andhra Pradesh.**

2. കഴിഞ്ഞ രണ്ട് ദിവസത്തിനുള്ളിൽ രാജ്യത്ത് 258 നക്സലുകൾ കീഴടങ്ങിയതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah has said, 258 battle-hardened left-wing extremists have abjured violence in the last two days.**

3. നാല് വർഷമായി ഇന്ത്യ ലോകത്തിലെ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയായി തുടരുന്നതായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

   **India has remained the fastest-growing economy in the world for the past four years, says Union Minister Piyush Goyal.**

4. ബിഹാറിൽ ആദ്യഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി

നാളെ അവസാനിക്കും. തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം.

**Deadline for filing nominations for the first phase of Bihar Assembly elections ends tomorrow; Election campaigning intensifies.**

5. കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യത. കോട്ടയം ഇടുക്കി ജില്ലകളിൽ ഇന്നും എറണാകുളത്ത് നാളെയും ഓറഞ്ച് ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ഈ മാസം 20 വരെ മത്സ്യബന്ധനത്തിന് വിലക്ക്.

   **Heavy rainfall likely in Kerala; Orange alert in Kottayam and Idukki today, and in Ernakulam tomorrow; Fishing ban along Kerala-Lakshadweep coast until October 20.**

6. രഞ്ജി ട്രോഫി ക്രിക്കറ്റിൽ മഹാരാഷ്ട്രയ്ക്കെതിരെ കേരളം മൂന്ന് വിക്കറ്റിന് 35 റൺസ് എന്ന നിലയിൽ.

   **In Ranji Trophy cricket, Kerala at 35/3 against Maharashtra.**

&&&&&&&&&&&&&&&&

## PREZ-ARMY CHIEFS CONCLAVE

ആഗോള സമാധാനവും സ്ഥിരതയും നിലനിർത്തുന്നതിൽ യുഎൻ സമാധാന ദൗത്യങ്ങൾ നിർണായക പങ്ക് വഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപതി മുർമു. ന്യൂഡൽഹിയിൽ ആർമി ചീഫ്സ് കോൺക്ലേവിൽ പങ്കെടുക്കുന്ന സൈനിക മേധാവിമാരുമായും ഉപമേധാവിമാരുമായും രാഷ്ട്രപതി കൂടിക്കാഴ്ച നടത്തി. സമാധാന പരിപാലന പ്രവർത്തനങ്ങളോട് രാജ്യം ഉറച്ച പ്രതിബദ്ധത പുലർത്തുന്നതായും സേനകളിൽ വനിതാപ്രാതിനിധ്യം ഉറപ്പാക്കുന്നതിൽ ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും ശ്രീമതി മുർമു സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## PM-ANDHRA PRADESH (INTRO)

ശുദ്ധ ഊർജ്ജ മേഖലയിൽ രാജ്യം ദ്രുതഗതിയിലുള്ള പുരോഗതി കൈവരിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ആന്ധ്രാപ്രദേശിലെ കർണൂലിൽ 13,430 കോടി രൂപയുടെ വിവിധ വികസന

പദ്ധതികൾ പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു. റോഡ്, റെയിൽ , ഊർജ്ജവിതരണം, വ്യവസായം, പ്രതിരോധ നിർമാണം ,പെട്രോളിയം, പ്രകൃതിവാതകം തുടങ്ങിയ മേഖലകളിലെ വികസന പദ്ധതികൾക്കാണ് പ്രധാനമന്ത്രി തുടക്കം കുറിച്ചത് . രാജ്യത്തെ എല്ലാ ഗ്രാമങ്ങളിലും വൈദ്യുതി എത്തിക്കാൻ സാധിച്ചതായും പ്രതിശീർഷ വൈദ്യുതി ഉപഭോഗം 1,400 യൂണിറ്റായി വർദ്ധിച്ചതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ് )

2047-ഓടെ ഇന്ത്യ വികസിത രാജ്യമായി മാറുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## JAISHANKAR-UNTCC

ഭീകരത, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വെല്ലുവിളികൾ നേരിടാൻ അന്താരാഷ്ട്ര തലത്തിൽ മെച്ചപ്പെട്ട സഹകരണം ആവശ്യമാണെന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ. ഐക്യരാഷ്ട്രസഭാ ദൗത്യങ്ങൾക്കായി സേനാ സഹായം നൽകുന്ന രാജ്യങ്ങളുടെ സംഗമത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ജയശങ്കർ. സാംസ്കാരിക മൂല്യങ്ങളിൽ അധിഷ്ഠിതമായാണ് ഇന്ത്യ സമാധാനത്തിനായി നിലകൊള്ളുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## SHAH - NAXAL

കഴിഞ്ഞ രണ്ട് ദിവസത്തിനുള്ളിൽ രാജ്യത്ത് 258 നക്സലുകൾ കീഴടങ്ങിയതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഛത്തീസ്ഗഡിൽ 197 പേരും മഹാരാഷ്ട്രയിൽ 61 പേരും നക്സലിസം ഉപേക്ഷിച്ചതായും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ഒരു വർഷത്തിനിടെ ഛത്തീസ്ഗഡിൽ രണ്ടായിരത്തിലധികം നക്സലൈറ്റുകൾ കീഴടങ്ങിയതായും 1800 ഓളം പേർ അറസ്റ്റിലായതായും നാനൂറ്റി അമ്പതിലധികം പേരെ വധിച്ചതായും കേന്ദ്രമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. അടുത്ത വർഷം മാർച്ച്

31 ന് മുമ്പായി നക്സലിസം തുടച്ചുനീക്കാനുള്ള സർക്കാരിൻറെ ദൃഢനിശ്ചയത്തെയാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നതെന്നും ശ്രീ ഷാ വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## GOYAL–BRAZIL

കഴിഞ്ഞ നാല് വർഷമായി ഇന്ത്യ ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പത് വ്യവസ്ഥയായി തുടരുകയാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ-ബ്രസീൽ ബിസിനസ് സംഭാഷണത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. കഴിഞ്ഞ ദശകത്തിൽ 25 കോടിയിലധികം പേരെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റിയതായും നവ-മധ്യവർഗം രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

## KARNATAKA: NIRMALA SITARAMAN

കൃഷിയിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്തുന്നതിന് കർഷകർക്ക് എല്ലാ സഹായവും ലഭ്യമാക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. കർണാടകയിൽ കർഷക പരിശീലന, പൊതു സൗകര്യ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. സോയിൽ ഹെൽത്ത് കാർഡുകൾ, വളങ്ങൾ, സാമ്പത്തിക സഹായം എന്നിവയ്ക്ക് പുറമേ വിവിധ ഭക്ഷ്യധാന്യങ്ങളുടെയും പയർവർഗ്ഗങ്ങളുടെയും താങ്ങുവില വർദ്ധിപ്പിച്ചതായും ശ്രീമതി സീതാരാമൻ പറഞ്ഞു.

&&&&&&&&&&&&&&&&&

## BIHAR NOMINATIONS

ബിഹാറിൽ ആദ്യഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി നാളെ അവസാനിക്കും. തിരഞ്ഞെടുപ്പ് പ്രചാരണവും ഊർജിതമായി പുരോഗമിക്കുന്നു. ജനതാദൾ യുണൈറ്റഡ് ദേശീയ പ്രസിഡൻറും മുഖ്യമന്ത്രിയുമായ നിതീഷ് കുമാർ ഇന്ന് വിവിധ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. ഉത്തർപ്രദേശ്

മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പ്രചാരണ റാലിയെ അഭിസംബോധന ചെയ്യു.

&&&&&&&&&&&&&&&&&&

## FSSAI-ORS

രാജ്യത്തെ എല്ലാ ഭക്ഷ്യവ്യവസായ സ്ഥാപനങ്ങളും ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ലേബലിൽ നിന്ന് ഒആർഎസ് എന്ന പദം നീക്കം ചെയ്യണമെന്ന് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ. പല കമ്പനികളും മധുരപാനീയങ്ങൾ, എനർജി ഡ്രിങ്കുകൾ മുതലായവയിൽ "ORS" എന്ന പദം ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഇവ ORS-നുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ട സാഹചര്യത്തിലാണ് നടപടി. ഭക്ഷ്യസുരക്ഷാ മാനദണ്ഡ നിയമപ്രകാരമുള്ള ലേബലിംഗ്, പരസ്യ നിബന്ധനകൾ എന്നിവ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും FSSAI നിർദേശിച്ചു.

&&&&&&&&&&&&&&&&&&

## KERALA RAIN

കേരളത്തിൽ വിവിധ ജില്ലകളിൽ അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, ഇടുക്കി ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എറണാകുളം ജില്ലയിലും ലക്ഷദ്വീപിലും നാളെ ഓറഞ്ച് ജാഗ്രതയാണ്. കേരള-ലക്ഷ്വദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ഈ മാസം 20 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്ത് നിന്നും നാളെ മുതൽ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശം. തിരുവനന്തപുരം, കന്യാകുമാരി തീരങ്ങളിൽ നാളെ രാത്രി വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

## CM -KERALA

ഗൾഫ് സന്ദർശനത്തിൻറെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ ബഹ്റിനിൽ എത്തി. ബഹ്റിൻ കേരളീയ സമാജം ഡയമണ്ട് ജൂബിലി ഹാളിൽ നടക്കുന്ന പ്രവാസി മലയാളി സംഗമം

മുഖ്യമന്ത്രി നാളെ ഉദ്ഘാടനം ചെയ്യും. മലയാള മിഷനും, ലോക കേരള സഭയും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടിയിൽ ബഹ്റിനിലെ ഇന്ത്യൻ അംബാസഡർ വിനോദ് ജേക്കബ്, മന്ത്രി സജി ചെറിയാൻ, പത്മശ്രീ എം.എ യൂസഫ് അലി എന്നിവർ വിശിഷ്ടാതിഥികളാകും.

&&&&&&&&&&&&&&&&&&

## SPARSH

പ്രതിരോധ പെൻഷൻകാരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള സ്പർശ് സമ്പർക്ക പരിപാടിയുടെ ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ തിരുവനന്തപുരം പാങ്ങോട് സൈനിക ആസ്ഥാനത്ത് നിർവ്വഹിച്ചു. ജീവിതത്തിൻറെ നല്ലഭാഗം രാജ്യത്തിനായി സമർപ്പിച്ച പ്രതിരോധ പെൻഷൻകാരുടെ പരാതികൾ അതിവേഗം തന്നെ പരിഹരിക്കപ്പെടണമെന്ന് ഗവർണർ ചടങ്ങിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## SABARIMALA

ശബരിമല സ്വർണ്ണക്കവർച്ചയുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശിച്ച പ്രത്യേക അന്വേഷണസംഘം സന്നിധാനത്ത് പരിശോധന നടത്തുന്നു. എസ്.പി ശശിധരന്റെ നേതൃത്വത്തിലുള്ള എസ്.ഐ.ടി സംഘം ഇന്ന് ഉച്ചയോടെയാണ് സന്നിധാനത്ത് എത്തിയത്.

&&&&&&&&&&&&&&&&&&

## MEA AFGHAN PAK (iNTRO)

ഭീകര പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്ന രാജ്യമാണ് പാകിസ്ഥാൻ എന്ന് വിദേശകാര്യ മന്ത്രാലയം. അഫ്ഗാനിസ്ഥാന്റെ പരമാധികാരവും സ്വാതന്ത്ര്യവും നിലനിർത്തുന്നതിന് ഇന്ത്യ പൂർണ്ണ പിന്തുണ നൽകുന്നുണ്ടെന്നും വിദേശകാര്യവക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി. വിഷയം ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും അദ്ദേഹം അറിയിച്ചു.
(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&

## RENJI TROPHY CRICKET

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തിനെതിരെ മഹാരാഷ്ട്രയുടെ ആദ്യ ഇന്നിങ്സ് 239 റൺസിന് അവസാനിച്ചു. അഞ്ച് വിക്കറ്റ് വീഴ്ത്തിയ എം ഡി നിധീഷിൻ്റെ ബൌളിങ് മികവാണ് മഹാരാഷ്ട്രയുടെ ബാറ്റിങ് നിരയെ തകർത്തത്. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളത്തിന് തുടക്കത്തിൽ തന്നെ മൂന്ന് വിക്കറ്റ് നഷ്ടമായി. രണ്ടാം ദിവസം കളി നിർത്തുമ്പോൾ കേരളം മൂന്ന് വിക്കറ്റിന് 35 റൺസെന്ന നിലയിലാണ്. മഴയെ തുടർന്ന് കളി നേരത്തെ നിർത്തുകയായിരുന്നു.

&&&&&&&&&&&&&&&&&&

## GST REFORMS- MADHYA PRADESH

രാജ്യത്തെ ജിഎസ്ടി പരിഷ്കാരങ്ങൾ മധ്യപ്രദേശിലെ സാമ്പത്തിക മേഖലയ്ക്ക് ഊർജമേകുന്നതായി കേന്ദ്ര സർക്കാർ. ഭക്ഷ്യ സംസ്കരണ മേഖല, കൈത്തറി, കരകൗശലം, ഗോത്ര മേഖലയിൽ നിന്നുള്ള ഉത്പന്നങ്ങൾ എന്നിവയ്ക്ക് ഇതിൻ്റെ പ്രയോജനം ലഭിക്കുന്നുണ്ട്. ഇൻഡോർ, ഭോപാൽ, ഉജ്ജയ് മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക്കാനും നികുതി പരിഷ്കാരങ്ങൾ സഹായകമാകും.

&&&&&&&&&&&&&&&&&&

## Gujarat cabinet

ഗുജറാത്തിൽ മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭാ പുനഃസംഘടന നാളെ. പുതുതായി നിയമിതരായ മന്ത്രിമാർ നാളെ സത്യപ്രതിജ്ഞ ചെയ്യും. ഗാന്ധിനഗറിലെ മഹാത്മാ മന്ദിറിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ ആചാര്യ ദേവവ്രത് മന്ത്രിമാർക്ക് സത്യവാചകം ചൊല്ലിക്കൊടുക്കും.

&&&&&&&&&&&&&&&&&&

## TVM AMRITHA EXPRESS

തിരുവനന്തപുരം- മധുര- തിരുവനന്തരപുരം അമൃത എക്സ്പ്രസ് രാമേശ്വരം വരെ നീട്ടി. ഇന്ന് രാത്രി 8.30ന് തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന ആദ്യ സർവീസ്, നാളെ ഉച്ചയ്ക്ക് 12.45 ന് രാമേശ്വരത്തെത്തും. നാളെ ഉച്ചകഴിഞ്ഞ് ഒന്നരയ്ക്കാണ്

ട്രെയിനിൻറെ മടക്കയാത്ര. പുലർച്ചെ 4-45 ന് തിരുവനന്തപുരത്തെത്തും.

&&&&&&&&&&&&&&&&&&

## VP-SCINDIA MEET

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനുമായി കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ പാർലമെൻറ് ഹൗസിൽ കൂടിക്കാഴ്ച്ച നടത്തി. ടെലികോം, ഇൻ്റർനെറ്റ് അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചും ജനങ്ങൾക്ക് താങ്ങാനാവുന്ന നിരക്കിൽ ഡാറ്റ ലഭ്യമാക്കുന്നുന്നതിനുള്ള കേന്ദ്ര സർക്കാർ ശ്രമങ്ങളെക്കുറിച്ചും ചർച്ച ചെയ്യുതായി ഉപരാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&